# പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 236 06.01.2014-ൽ മറുപടിയ്ക്ക്

## സോളാർ തട്ടിപ്പ് കേസ് അന്വേഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ.ബാലൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ. എ.പ്രദീപ് കുമാർ<br>ശ്രീ.കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സോളാർ തട്ടിപ്പുകേസ് പോലീസ് അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; കേസ് അട്ടിമറിക്കാൻ ആസൂത്രിത ശ്രമങ്ങൾ നടന്നതായുള്ള ഗൗരവതരമായ ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നുവോ;<br>(ബി) കേസ് അട്ടിമറിക്കപ്പെടുന്നതിന്റെ ഓരോ ഘട്ടത്തിലും അത് സംബന്ധിച്ച വിവരങ്ങൾ വിവിധ കേന്ദ്രങ്ങളിൽനിന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടായിരുന്നുവോ;<br>(സി) ആരോപണ വിധേയരായവർ ഭരണരംഗത്തെ അത്യുന്നതരായതിനാൽ കേസ് അട്ടിമറിക്കപ്പെടുമെന്ന സൂചന ലഭിച്ചപ്പോൾ സർക്കാർ സ്വീകരിച്ച മുൻകരുതൽ എന്തായിരുന്നു;<br>(ഡി) കേസെടുക്കാതിരിക്കൽ, മൊഴി രേഖപ്പെടുത്താതിരിക്കൽ, തെളിവുകൾ ശേഖരിക്കാതിരിക്കൽ, തെളിവുകൾ നശിപ്പിക്കൽ, ദൃശ്യങ്ങൾ പരിശോധിക്കാതിരിക്കൽ, മൊഴിമാറ്റി നൽകൽ തുടങ്ങി പോലീസ് അന്വേഷണ സംഘത്തിനെതിരെ ഉയർന്നുവന്ന ആക്ഷേപത്തിൻമേൽ ഓരോ ഘട്ടത്തിലും സർക്കാർ സ്വീകരിച്ച നടപടി എന്താണ്; വിശദമാക്കാമോ? | (എ), (ബി) (സി) & (ഡി) അന്വേഷണം അന്തിമഘട്ടത്തിലാണ്. നിയമാനുസൃതമായാണ് അന്വേഷണം നടന്നിട്ടുള്ളത്. മറിച്ചുള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. കേസ് അന്വേഷണാവസ്ഥയിലായതിനാൽ കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ